# Index


Vicar's Message.............................................. 2

Fr. Jibi Mathew's Message.................................... 5

Announcements.................................................. 9

Bible Crossword ............................................... 10

Bible Quiz ........................................................ 12

Events Photos.................................................. 14






*We pray to the Almighty God for the safe return of Greek Orthodox Archbishop Metropolitan Paul Yazigi and the Archbishop of Syriac Orthodox Diocese of Aleppo, Mor Gregorios Ibrahim.*

# Vicar's Message



## "ദൈവം എല്ലാം ക്രമപ്പെടുത്തും"

യഹൂദായുടെ ചരിത്രത്തിൽ ദൈവത്തെ പ്രസാദിപ്പിച്ചിട്ടുള്ള രാജാക്കന്മാരുടെ കൂട്ടത്തിലാണ് ഹിസ്കിയ രാജാവിന്റെ സ്ഥാനം.ഹിസ്കിയ രാജാവിനെ കുറിച്ചുള്ള തിരുവചനസാക്ഷ്യം: "അവൻ യിസ്രായേലിന്റെ ദൈവമായ യഹോവയിൽ ആശ്രയിച്ചു. അവൻ യഹോവയോടു ചേർന്നിരുന്നു. അവനെ വിട്ടുപിന്മാറാതെ, യഹോവ മോശയോടു കല്പിച്ച അവന്റെ കല്പനകളെ പ്രമാണിച്ചു നടന്നു. യഹോവ അവനോടുകൂടെ ഉണ്ടായിരുന്നു". (2രാജാ18:5-6) യഹോവയോടു ചേർന്നിരുന്നവൻ, യഹോവയിൽ മാത്രം ആശ്രയിച്ചവൻ. അന്ധവിശ്വാസങ്ങളുടേയും യഹോവക്കെതിരായ ആരാധാന ശൈലികളുടേയും നേരെ ഉഗ്രമായി പടവെട്ടിയവൻ. ജീവിതത്തിലെ സകല പ്രവർത്തനങ്ങൾക്കും മുമ്പ് ദൈവസ്വരത്തിന് കാതോർത്തവൻ. ആ "ഹിസ്കിയാവിന്ന് ഒരിക്കൽ മരിക്കത്തക്ക രോഗം പിടിച്ചു. ആമോസിന്റെ മകനായ യെശയ്യാ പ്രവാചകൻ അവന്റെ അടുക്കൽ വന്ന് അവനോട് "നിന്റെ ഗൃഹകാര്യം ക്രമത്തിൽ ആക്കുക; നീ മരിച്ചുപോകും. ശേഷിക്കയില്ല എന്നു യഹോവ അരുളിചെയ്യുന്നു" എന്നു പറഞ്ഞു.അപ്പോൾ ഹിസ്കിയാവ് മുഖം ചുവരിന്റെ നേരെ തിരിച്ചു യഹോവയോട് പ്രാർത്ഥിച്ചു" (2 രാജാ20:1-16,യെശയ്യാ38:1-22)

വിശ്വസ്തതയോടും ഏകാഗ്ര ഹൃദയത്തോടും കൂടെ ദൈവതിരുമുമ്പിൽ നടന്നു ദൈവത്തിനു പ്രസാദമുള്ളതുമാത്രം ചെയ്തുപോന്ന ഹിസ്കിയാവിനു പ്രവാചകന്റെ മുന്നറിയിപ്പ് താങ്ങാനാവുന്നതിലപ്പുറമായിരുന്നു.

എങ്കിലും തന്റെ മരണകരമായ രോഗത്തിലും അദ്ദേഹം മുഖം ചുവരിന്റെ നേരെതിരിച്ചു യഹോവയോടു തന്നെ പ്രാർത്ഥിക്കുകയാണ്. എന്തിനാണ് മുഖം ചുവരിന്റെ നേരെ തിരിച്ചു പ്രാർത്ഥിക്കുന്നത്. മനുഷ്യരെ ആരേയും കാണേണ്ട എന്നാണ് ആ കിടപ്പിനർത്ഥം. ആശ്വസിപ്പിക്കാനും സഹതപിക്കുവാനും വരുന്നവരെയൊന്നും കാണാനിഷ്ടമില്ലാത്ത കിടപ്പാണത്. ആശ്വസിക്കാനും പ്രതീക്ഷ പുലർത്താനും വല്ലതും ഉണ്ടെങ്കിലല്ലേ ജീവിതത്തിന്റെ പച്ചപ്പുകളിലേക്ക് നോക്കേണ്ടതുള്ളൂ.പ്രതീക്ഷയുടേയോ ശുഭഭാവിയുടേയോ സൂചന ഇപ്പുറത്തു കാണാനില്ലാത്തതുകൊണ്ടാണ് അപ്പുറത്തേക്ക് തിരിഞ്ഞു കിടക്കുന്നത്. ഹിസ്കിയാവിനെ തിരിഞ്ഞു കിടക്കാൻ പ്രേരിപ്പിച്ചത് നിഷേധചിന്തകളായിരുന്നില്ല മറിച്ചു അദ്ദേഹം ദൈവമുഖം അന്വേഷിക്കുകയായിരുന്നു. ചുവരിൽ നോക്കി നിർവ്വികാരതയോടെയും നിരാശയോടെയും വിലപിക്കാതെ, തന്റെ ദൈവത്തോട് കരഞ്ഞു പ്രാർത്ഥിക്കുകയായിരുന്നു. രോഗാവസ്ഥയിൽ ആശ്വാസത്തിന്റേയും പ്രത്യാശയുടേയും വാക്കുകളും സൗഖ്യത്തിന്റെ ആശീർവ്വാദവും നല്കേണ്ട പ്രവാചകൻ 'ഞാൻ പ്രാർത്ഥിക്കാം' എന്നുപോലും രാജാവിനോട് പറയുന്നില്ല. മരിക്കാൻ ഒരുങ്ങിക്കൊൾക എന്നാണ് പറഞ്ഞത്. എന്നിട്ടും ജീവിക്കാൻ ആഗ്രഹിക്കുന്ന രാജാവ് ജീവന്റെ നാഥനോട് കണ്ണുനീരോടെ പ്രാർത്ഥിക്കുന്നു. ദുഃഖദുരിതങ്ങളും മരണസാധ്യതയും രാജാവിനെ ദൈവത്തിൽനിന്നും അകറ്റിയില്ല. സ്വകാര്യതയുടെ സ്വച്ഛതയിൽ ദൈവത്തിനും ദൈവജനത്തിനും താനർപ്പിച്ച ശുശ്രൂഷകൾ എണ്ണി എണ്ണിപ്പറഞ്ഞായിരുന്നു അദ്ദേഹത്തന്റെ പ്രാർത്ഥനയും കരച്ചിലും.....

രോഗത്തിന്റേയും, നിരാശയുടേയും, തകർച്ചയുടേയും, വേർപാടിന്റേയുമെല്ലാം സന്ദർഭങ്ങളിൽ നമുക്കും ഇതുമാത്രമാണ് പോംവഴി. ആരും സഹായിക്കാനില്ലാത്തപ്പോഴും, ആരും മനസ്സിലാക്കാത്തപ്പോഴും തളരരുത്, കർത്താവിനോടു ചേർന്നിരിക്കണം. നമ്മുടെ നിസ്സഹായാവസ്ഥയിൽ താങ്ങേണ്ടവർ നിസംഗതയോടെയും നിർവ്വി കാരതയോടെയും നിലകൊള്ളു കയും പ്രതികരിക്കുകയും ചെയ്യുമ്പോൾ; തളരരുത്, നിരാശപ്പെടുകയുമരുത്. ദൃഷ്ടി അവരിൽനിന്നും കർത്താവിങ്കലേക്കു തിരിച്ച് കണ്ണുനീരോടെ പ്രാർത്ഥിക്കുകയാണ് കരണീയമായിരിക്കുന്നത്.

ഹിസ്കിയാവിന്റെ കരഞ്ഞുള്ള പ്രാർത്ഥന ദൈവം കേട്ടു. മരണകിടക്കയിലും യഹോവ മാത്രം ആശ്രയം എന്നു പ്രഖ്യാപിച്ചുകൊണ്ട് പ്രാർത്ഥനയിൽ ശരണപ്പെട്ടവനെ,യഹോവ കൈക്കൊണ്ടു. മരിക്കുവാൻ ഹിസ്കിയാവ് ഒരുക്കമല്ലായിരുന്നു. ക്രമപ്പെടുത്താത്ത ഭവനവും പൂർത്തീകരിക്കാത്ത ധർമ്മങ്ങളും വീട്ടാത്ത കടങ്ങളും ബാക്കിനില്ക്കുമ്പോൾ ആരാണ് മരിക്കാൻ ഇഷ്ടപ്പെടുക. എപ്പോൾ വേണമെങ്കിലും, എന്നു വേണമെങ്കിലും മരിക്കും എന്നതിനാൽ എപ്പോഴും ഒരുങ്ങി ജീവിക്കേണ്ടവരാണ് നാം എന്നു അറിയാമെങ്കിലും ഇപ്പോഴും നമ്മുടെ ഒരുക്കങ്ങൾ പാതി വഴിയിലല്ലേ?

തന്റെ ഫോട്ടോയും ചരമകുറിപ്പും പത്രത്തിലെ ചരമകോളത്തിൽ കാണാനിടയായ ആൽഫ്രഡ് നോബെൽ ഞെട്ടിപ്പോയി. "അനേകരെ കൂട്ടത്തോടെ കൊല്ലുവാൻ കഴിവുള്ളതും വലിയ പൊട്ടിത്തെറി ഉളവാക്കുന്നതുമായ സ്പോടക വസ്തു–ഡൈനാമിറ്റ്– കണ്ടുപിടിച്ച രസതന്ത്രശാസ്ത്രജ്ഞൻ–ആ കണ്ടുപിടുത്തത്തിലൂടെ കോടിക്കണക്കിന് സ്വത്ത് സമ്പാദിച്ചവൻ" എന്ന തന്നെക്കുറിച്ചുള്ള ചരമകുറിപ്പ് അദ്ദേഹത്തെ വല്ലാതെ ഉലച്ചു. ലോകം തന്നെ ഓർമ്മിക്കുന്നത് ഇപ്രകാരമായിരിക്കുമെന്ന തിരിച്ചറിവ് അദ്ദേഹത്തെ വല്ലാതെ ഭാരപ്പെടുത്തി. നേടികൂട്ടിയ സമ്പാദ്യം മുഴുവനം തലമുറകൾ കഴിഞ്ഞാലും കൊഴിഞ്ഞുപോകാത്ത നന്മയ്ക്കായി ചെലവഴിക്കും എന്ന് അദ്ദേഹം ഒരുറച്ച തീരുമാനം കൈകൊണ്ടു.അങ്ങനെ ഏർപ്പെടുത്തിയതാണ് നോബൽ സമ്മാനം.

മരണശേഷം ലോകം നമ്മെ കുറിച്ച് ഓർക്കുന്നത് എപ്രകാരമായിരിക്കും? ജീവിത സായാഹ്നത്തിൽ തിരിഞ്ഞുനോക്കുമ്പോൾ നിരാശ തോന്നാൻ ഇടയാകുമോ? വന്നുപോയ പാപങ്ങളും ദുഷ്കൃത്യങ്ങളുമൊക്കെ നമ്മെ കുറ്റപ്പെടുത്തുമോ? നഷ്ടമാക്കിയ നന്മയുടെ അവസരങ്ങൾ നമ്മെ വല്ലാതെ ഭാരപ്പെടുത്തുമോ? മരണദൂതൻ അടുത്തുവരുമ്പോൾ, രാജാധിരാജന്റെ തിരുസന്നിധിയിലേക്ക് സന്തോഷത്തോടെ കടന്നു ചെല്ലുവാൻ കഴിയുംവിധം ജീവിതമാകുന്ന അങ്കി, ക്രിസ്തുവിന്റെ തിരുരക്തത്തിൽ നീ കഴുകിയോ? ഓർക്കുക നിനക്കും മരണത്തിനും മദ്ധ്യേ ഒരടി അകലം മാത്രമേയുള്ളു (1ശമു.20:3). മരണംഎപ്പോഴാണ് വരുന്നതെന്നോ, എങ്ങിനെയാണ് വരികയെന്നോ ആർക്കും അറിയില്ലല്ലോ. ജീവന്റെ നാഥൻ പ്രാണനെ എടുക്കുമ്പോൾ ഒരുങ്ങിയില്ല എന്നു പറഞ്ഞ് ആർക്കാണ് തടുക്കാനാവുക. ആകയാൽ (സഭപ്രസംഗി12:1) നിന്റെ യൌവ്വന കാലത്ത് നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക.ജീവിതം നേരെയാക്കി കൊൾക. അങ്ങനെ ദൈവവിഷയമായി സമ്പന്നനാകുക. പൗലോസ് ശ്ലീഹായെപ്പോലെ പറയാനാകണം "ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിയ്ക്കായി വെച്ചിരിക്കുന്നു അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നല്കും....."(തിമൊഥെയൊസ് 4:7–8).

ഹിസ്കിയാവിൻെറ കണ്ണുനീർ യഹോവ കണ്ടു"നീ മരിച്ചു പോകുമെന്ന് അരുളപ്പാട് നല്കിയ പ്രവാചകൻ നടുമുറ്റം വിട്ടുപോകും മുമ്പേ യഹോവ മനസ്സുമാറ്റി; പുതിയൊരു അരുളപ്പാട് പ്രവാചകന് നല്കി"(2 രാജാ20:4-6)"ഞാൻ നിന്നെ സൗഖ്യമാക്കും. മൂന്നാം ദിവസം നീ യഹോവയുടെ ആലയത്തിൽ പോകും ഞാൻ നിൻെറ ആയുസ്സിനോടു 15 സംവത്സരം കൂട്ടും".

നന്മ ചെയ്യുന്നവർക്കും രോഗദുരിതങ്ങൾ വരാം എന്നു ഹിസ്കിയാവിൻെറ അനുഭവം നമ്മെ പഠിപ്പിക്കുന്നു.നിരാശപ്പെടരുത്, ദൈവാശ്രയബോധം കൈവിടുകയുമരുത് പ്രാർത്ഥിക്കുക. ദൈവം മനസ്സലിയുകതന്നെ ചെയ്യും.

1989-ൽ ഉണ്ടായ അർമേനിയൻ ഭൂകമ്പത്തിൽ മുപ്പതിനായിരം പേർക്കാണ് ജീവൻ നഷ്ടമായത്. ഭൂകമ്പം ഉണ്ടായ ഉടൻ ഒരു പിതാവ് തൻെറ മകൻ പഠിക്കുന്ന സ്കൂൾ കെട്ടിടം തകർന്നതറിഞ്ഞു ഓടിയെത്തി. തൻെറ മകൻ പഠിക്കുന്ന ക്ലാസുമറിയെ ലക്ഷ്യമാക്കി അദ്ദേഹം തിരയാൻ തുടങ്ങി. ആരും സഹായത്തിനെത്തിയില്ല. സ്കൂളിൻെറ അടുത്ത ഭാഗംകൂടെ തകർന്നു വീഴാമെന്നതിനാൽ രക്ഷാപ്രവർത്തകർ ആളുകളെയെല്ലാം താക്കീതുനല്കി അകറ്റിനിർത്തുകയാണ്. അതൊന്നും കാര്യമാക്കാതെ ഈ പിതാവ് തൻെറ മകനെ തിരയുകയാണ്. 24 മണിക്കൂർ കടന്നുപോയിട്ടും അദ്ദേഹം നിരാശനായില്ല- പിന്മാറിയില്ല. തൻെറ മകൻെറ പേര് വിളിച്ചുകൊണ്ടാണ് തിരയുന്നത്. 36 മണിക്കൂർ കഴിഞ്ഞു പെട്ടെന്ന് അദ്ദേഹം 'പപ്പാ' എന്ന വിളികേട്ടു. വിളികേട്ടപ്പോൾ മറ്റുരക്ഷാപ്രവർത്തകരും സഹായിക്കാനെത്തി. ഏറെ പരിശ്രമങ്ങൾക്കുശേഷം ക്ലാസ്മുറിയുടെ ഒരു ഭാഗത്ത് ത്രികോണം പോലെ സൃഷ്ടിക്കപ്പെട്ട സുരക്ഷിതമായൊരുസ്ഥലത്ത് തൻെറ മകനേയും 2 കൂട്ടുകാരേയും അദ്ദേഹം കണ്ടെത്തി. 36 മണിക്കൂർ ശരിയായ ശുദ്ധവായു ലഭിക്കാതെ, ഒരല്പം വെള്ളം പോലും കുടിക്കാതെ ആ കുട്ടികൾ എങ്ങനെയാണ് കഴിഞ്ഞു കൂടിയത്? എന്ന രക്ഷാപ്രവർത്തകരുടെ ചോദ്യത്തിന് ആ മകൻ പറഞ്ഞ മറുപടി "ഞാൻ എൻെറ കൂട്ടുകാരോടു പറഞ്ഞു. "എൻെറ പപ്പ ജീവിച്ചിരിപ്പുണ്ടെങ്കിൽ തീർച്ചയായും നമ്മെ രക്ഷിക്കാൻ വരും" ഞങ്ങൾ പപ്പയെ കാത്തിരിക്കുകയായിരുന്നു. രക്ഷപെടാനുള്ള അവസാന മാർഗ്ഗവും നഷ്ടമായി എന്നു തോന്നുമ്പോൾ ഈ കുഞ്ഞിൻെറ വിശ്വാസമെങ്കിലും നമുക്കുണ്ടാകണം. 'എൻെറ പപ്പ ജീവിച്ചിരിപ്പുണ്ടെങ്കിൽ തീർച്ചയായും നമ്മെ രക്ഷിക്കാൻ വരും' നമ്മുടെ സ്വർഗ്ഗീയ പിതാവ് ജീവിച്ചിരിക്കുന്നവനാണ്. നമ്മുടെ കർത്താവ് മരിച്ചവരിൽനിന്നു് ഉയിർത്തവനും മരിച്ചവരെ ഉയിർപ്പിക്കുന്നവനുമാണ്. ആകയാൽ അവൻ തീർച്ചയായും വരും നമ്മെ രക്ഷിപ്പാൻ. ആകയാൽ നമുക്കും ഹിസ്കിയാവിനെപ്പോലെ പ്രാർത്ഥനയിൽ തിരുമുഖം അന്വേഷിച്ചു കൊണ്ടേയിരിക്കാം. കണ്ണുനീരോടുകൂടിയ പ്രാർത്ഥനയ്ക്കു മുമ്പിൽ ദൈവം മനസ്സലിയും. ദൈവം എല്ലാം ക്രമപ്പെടുത്തുക തന്നെ ചെയ്യും.

സ്നേഹപൂർവ്വം,
ക്രിസ്തുയേശുവിൽ,
നിങ്ങളുടെ ബെന്നിയച്ചൻ.

# Fr. Jibi Mathew's Message



## “ഭോഷനായ ഞാൻ ......!!”

ഒരുവൻ എങ്ങനെയെങ്കിലും ക്രിസ്തുവിൽ എത്തുന്നതോടെ ബാക്കി കാര്യങ്ങളെല്ലാം അയാൾക്ക് അനുകൂലമാകുന്ന വിധത്തിൽ ആയിത്തീരുമോ? ക്രിസ്തുനാമം മുഴങ്ങുന്ന വേദികളിലെല്ലാം എത്തിനോക്കുന്നതുകൊണ്ട് അവൻ ക്രിസ്തുവിൽ എത്തിയെന്നും പറയാമോ? ഉള്ളം നന്നായി നോവുന്ന ഈ നോമ്പിന്റെ ദിനങ്ങളിൽ ഒരുവൻ എങ്ങനെയെങ്കിലും ക്രിസ്തു സന്നിധിയിൽ എത്തുന്നതിലും പ്രധാനപ്പെട്ട സംഗതി അവൻ എന്തിനാണ് ക്രിസ്തുവിനെ അന്വേഷിക്കുന്നതെന്നാണ്. എനിക്കുറപ്പാണ്, ക്രിസ്തുവിനെ തേടിയ ഇവൻ ഒട്ടും ഭേദപ്പെട്ടവനല്ല .......

അപ്പന്റെ സ്വത്ത് വീതം വയ്ക്കുവാൻ തന്നോടൊത്ത് തന്റെ സഹോദരന് എതിരായി നിൽക്കുവാൻ ക്രിസ്തുവിനെ ക്ഷണിക്കുവാനാണ് അയാൾ മുതിർന്നത്. സത്യത്തിൽ ഇത് ഇയാളുടെ കഥയാണ്. പക്ഷേ, നാമൊക്കെ ഇതിനെ അറിയുന്നത് ഇയാൾക്കുവേണ്ടി ക്രിസ്തു പറഞ്ഞ കഥയിലെ ഭോഷനായ ധനികന്റെ പേരിലാണ്. വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രമാണ് ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത്. പന്ത്രണ്ടാം അദ്ധ്യായത്തിൽ പതിമൂന്ന് മുതലുള്ള വേദഭാഗം ശ്രദ്ധാപൂർവ്വം വായിക്കേണ്ടിയിരിക്കുന്നു. പിതൃസ്വത്ത് ഞാനുമായി പങ്കുവെയ്ക്കാൻ എന്റെ സഹോദരനോട് കൽപിക്കണമെ എന്നൊരു അപേക്ഷയുമായി ഒരുവൻ ക്രിസ്തു സന്നിധിയിൽ വരുന്നതാണ് സംഭവങ്ങളുടെ തുടക്കം. ക്രിസ്തു അവനെ സ്നേഹപൂർവ്വം സ്വീകരിക്കുന്നില്ലായെന്ന് അവനോടുള്ള പ്രതികരണത്തിന്റെ ആദ്യഭാഗംകൊണ്ട് വ്യക്തമാകുന്നുണ്ട്. മറിച്ച് അവന്റെ ഉദ്ദേശ്യം അത്ര നല്ലതല്ലയെന്ന് അവനെ മാത്രമല്ല അവനോടൊപ്പമുള്ള നമ്മെയും ക്രിസ്തു ഓർമ്മപ്പെടുത്തുന്നു.

ആ സഹോദരന്മാർക്കിടയിൽ ഉണ്ടാകേണ്ട സ്നേഹത്തിന്റെ അഭാവത്തെപ്പറ്റിയല്ലല്ലോ അവന്റെ ദുഃഖവും പ്രാർത്ഥനയും....11. പകരം അപ്പന്റെ സ്വത്ത് താൻ എങ്ങനെ ആഗ്രഹിക്കുന്നോ അപ്രകാരം തനിക്കു കിട്ടുവാനുള്ള കുറുക്കുവഴിയായും അതിലെ അന്യായക്കാരാനായ ഒരു ന്യായാധിപനായും അയാൾ ക്രിസ്തുവിനെ തെറ്റിദ്ധരിച്ചു. ഞാൻ അതിന് ആളല്ല എന്ന് കൃത്യമായി ക്രിസ്തു മറുപടിയും നൽകുന്നു. നഷ്ടപ്പെട്ടുപോയ അഥവാ പോയേക്കാവുന്ന തന്റെ സഹോദരനെ വീണ്ടെടുക്കാനുള്ള ഒരു ശ്രമത്തിന്റെ ഭാഗമായും അതിന്റെ ഫലമായും അല്ലായിരുന്നു അയാൾ ക്രിസ്തുവിൽ എത്തിയത്. പകരം ഏകപക്ഷീയമായി തന്റെ സഹോദരനോട് തനിക്ക് അനുകൂലമായ ഒരു “അന്യായ” വിധി നടപ്പിൽ വരുത്താനാണ് അയാൾ ക്രിസ്തുവിനെ കൂട്ടുപിടിച്ചത്. അതാണ് അയാൾക്കു സംഭവിച്ച ആദ്യത്തെ പിഴയും പാളിച്ചയും. പിന്നീടുള്ള ക്രിസ്തുവിന്റെ വാക്കുകളും വിശദീകരണങ്ങളും ആൾക്കൂട്ടത്തോട് മൊത്തം ആയിരുന്നു. നല്ലൊരു കഥ പറഞ്ഞു തുടങ്ങും മുമ്പ് ശ്രദ്ധേയമായ ചില പാഠങ്ങൾ നേരിട്ട് നൽകുവാൻ അവിടുന്ന് അന്ന് ശ്രമിച്ചിരുന്നു.

നോമ്പിന്റെ ദുർഗതി നിറഞ്ഞ നാളുകൾ എന്നുവരെയുണ്ടാകും എന്ന് ആശങ്കയോടും അസ്വസ്ഥതയോടും കൂടി എത്ര തവണയാണ്, കലണ്ടറുകളൊക്കെ മറിച്ച് മിക്കവരും നോക്കി നെടുവീർപ്പിടുന്നത്. അങ്ങനെയുള്ളവരോട് ക്രിസ്തു പറയുന്നു “നിങ്ങൾ ജാഗ്രതയോടിരിപ്പിൻ......”

ജാഗ്രത മാത്രമല്ല സകല അത്യാഗ്രഹങ്ങളിൽ നിന്നും നാം അകന്നിരിക്കണമെന്നും അവിടെ കൂടിയ ആളുകളോട് ക്രിസ്തു ഉപദേശിക്കുന്നു. (വി.ലൂക്കോസ് 12.15) ദൈവത്തോടുള്ള സ്നേഹവും മനുഷ്യരോടുള്ള കരുണയും നഷ്

ടപ്പെട്ടുപോയാൽ അവന് വളരെയെളുപ്പത്തിൽ ഏത് ഹീനമായ ഇടത്തിലേയ്ക്കും വീണു പോകാവുന്നതാണ്. ഈ ഹ്രസ്വമായ മനുഷ്യജീവിതം ധന്യമാകുന്നത് സമ്പത്തുകൊണ്ട് മാത്രമാണെന്ന് എങ്ങനെയോ പഠിച്ചുപോയിരിക്കുന്നു.....! അങ്ങനെയുള്ള നമ്മോടാണ് ക്രിസ്തു മനോഹരമായ ഒരു കഥ പറഞ്ഞത്. ഭോഷനായ ഒരു ധനികൻെറ കഥയായി ഇതിനെ ഇനിയും നാം തെറ്റിദ്ധരിക്കരുതെന്ന് മുന്നമേ അപേക്ഷിക്കുന്നു. മറിച്ച് ഭോഷരിൽ ഏറ്റവും ഭോഷനായ എൻെറ സ്വന്തം കഥയാണിത് എന്ന് തിരിച്ചറിയുവാനുള്ള ദൈവകൃപ ഈ നോമ്പിൻെറ ആദ്യ പകുതിയിൽ തന്നെ സമ്പാദിക്കുവാൻ നമുക്ക് ആകണമല്ലോ......!

എങ്ങനെയാണെന്നറിയില്ല ഇത്തവണ അയാൾക്ക് സമൃതമായ വിളവു ലഭിച്ചു എന്ന സന്തോഷത്തിൻെറ സൂചനയോടെയാണ് കഥ തുടങ്ങുന്നത്. തൻെറ സംഭരണശാലകൾക്ക് ഉൾകൊള്ളാൻ പറ്റാത്ത അളവിൽ വർദ്ധിച്ച ധാന്യം മറ്റുള്ളവർക്കുകൂടി നല്കാനുള്ള ധ്യാനവിചാരം എന്തേ അയാൾക്ക് ഇല്ലാതെപോയി.....? അറപ്പുരകളെല്ലാം പൊളിച്ച് കൂടുതൽ വലിയവ പണിയുവാൻ പദ്ധതിയിടുന്നു കഥാനായകൻ.എവിടെയാണ് ഒരു മനുഷ്യൻെറ ദുരന്തം ആരംഭിക്കുക...? അവന് സമൃദ്ധിയായി കൃപകൾ ലഭിച്ചതിൻെറ പിറ്റേന്ന് മുതലാണോ...? ഒരുവൻെറ ജീവിതത്തിൽ നിന്ന് ദൈവത്തെ മാറ്റുകയും പകരം അവിടെ അവനെതന്നെ പ്രതിഷ്ഠിക്കുകയും ചെയ്യുന്ന നിമിഷം മുതലാവണം തകർച്ച ആരംഭിക്കുന്നത്. സമൃദ്ധമായി ഇത്തവണ എനിക്കുകിട്ടിയ വിളവിൻെറ ഗുണഫലം മറ്റാരുമായും പങ്കുവയ്ക്കാൻ ഞാൻ ഇഷ്ടപ്പെടാത്തതിൻെറ മൂലകാരണം എന്താണ്?എൻെറ ഉള്ളിൽ മറ്റാരും ഇല്ലായെന്നുള്ളതാണ്. ദൈവത്തിനുപോലും ഒരൽപം ഇടംകൊടുക്കാത്ത ഹൃദയത്തെക്കുറിച്ചും ജീവിതത്തെകുറിച്ചും എന്തിന്, എങ്ങനെയാണ് പറയുന്നത്? ദൈവം എനിക്ക് നല്കിയത് മറ്റുള്ളവർക്കുംകൂടി ഞാനത് കൃത്യമായി കൊടുക്കുമെന്ന് അവനുറപ്പുള്ളതുകൊണ്ടാണ്. അത്രമാത്രം എന്നെ വിശ്വസിക്കുന്നക്രിസ്തുവിനയാണ് ചില സ്വകാര്യ വിചാരങ്ങൾകൊണ്ട് ഞാൻ പിന്നെയും പിന്നെയും തോൽപ്പിക്കുന്നത്. ഇല്ല.... ഇതൊന്നും ഞാനാർക്കുംകൊടുക്കില്ല....ഇതെല്ലാം എൻേറത് മാത്രമാണ് എന്നുള്ള മിഥ്യാവിചാരലോകത്ത് ഒരുവൻ ഒറ്റപ്പെട്ട് എത്തുന്നതിൻെറ കാരണം അവൻ എന്നോ ക്രിസ്തുവിനെ പോലും തൻെറ ജീവിതത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു ....അത്രമാത്രം.....! കൂടാതെ ഇതെല്ലാം എൻെറ സ്വന്ത അദ്ധ്വാനത്തിൻെറ ഫലമാണെന്നും തെറ്റിദ്ധരിച്ചു തുടങ്ങുന്നു. പരി.പൗലോസ് ശ്ലീഹ നമ്മോട് ഇതുതന്നെ ചോദിക്കുന്നു. എന്ത് മാഹാത്മ്യമാണ് നിനക്കുള്ളത്? ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്താണ് ഉള്ളത്? എല്ലാം ദാനമായിരിക്കെ അത് അങ്ങനെയല്ലാ എന്ന് വിചാരിച്ച് നീ എന്തിന് അഹങ്കരിക്കുന്നു? (കൊരി.4:7)

ദൈവത്തെ തീർത്തും വിസ്മരിച്ചു കളഞ്ഞ ഒരുവൻെറ ജീവിതത്തിലെ രണ്ടാമത്തെ പാളിച്ച മരണ അവബോധം തനിക്ക് ഇല്ലാതായായിരിക്കുന്നു എന്നതാണ്. അനേകവർഷത്തേയ്ക്കുവേണ്ട വിഭവങ്ങൾ സംഭരിക്കപ്പെട്ടിരിക്കുന്നു എന്നോർത്ത് ഒരുവൻ ആഹ്ലാദിക്കുമ്പോൾ അവൻ മറന്നു തുടങ്ങിയത് തൻെറ ആയുസ്സിൻെറ അവസാനത്തെക്കുറിച്ചാണ്.ഉടയവൻ നൽകിയ ഏറ്റവും വലുതായ ദാനം ഈ എൻെറ ആയുസ്സാണെന്ന് ഏറ്റുപറയുവാനുള്ള നെഞ്ചുറപ്പ് ഇനി എന്നാണ് നാമൊക്കെ സ്വന്തമാക്കുക? അങ്ങനെയൊന്ന് പറഞ്ഞാൽ മാത്രം തീരാവുന്ന പ്രശ്നങ്ങളല്ല ഇവിടെയുള്ളത്. മറിച്ച് ഈ ആയുസ്സിൻെറ ബാക്കിയുള്ള ദിനങ്ങൾ തമ്പുരാൻെറ കൈകളിലാണെന്നും അവന് എൻെറ അനുവാദം പോലും ആവശ്യമില്ലാതെ എന്തു തീരുമാനവും എടുക്കാമെന്നും നിരന്തരം നാം ഓർക്കേണ്ടിയിരിക്കുന്നു. തിന്നു കുടിച്ചാൽ കിട്ടുന്നത് ആനന്ദമല്ലെന്നും ആരോഗ്യമല്ലെന്നും

മനസ്സിലാക്കണം. ദൈവസൃഷ്ടിയായ എന്നിലൂടെ എന്ത് ദൗത്യമാണ് തമ്പുരാന് ഈ ഭൂമിയിൽ പൂർത്തീകരിക്കാനുള്ളത് എന്ന് ഒരോരുത്തരും നമ്മുടെ നിശബ്ദതകൊണ്ടും നിശ്ചയംകൊണ്ടും കണ്ടെത്തേണ്ടതാണ്. ഒരോ മനുഷ്യനിൽ നിന്നും ഈ ഭൂമിയുമ സഹജീവികളും എന്തെല്ലാമോ പ്രതീക്ഷിക്കുന്നുണ്ട്. കാലാകാലങ്ങളിൽ പൂർവ്വികരും പന്നീട് നാമും ചെയ്തുകൂട്ടിയ ഒരായിരം അത്യാഗ്രഹങ്ങളുടെ തിക്താനുഭവങ്ങളാണ് പ്രകൃതിയുടെ സ്വഭാവത്തിൽ സംഭവിച്ച തകിടംമറിച്ചിലുകൾ....!.ഇനിയെങ്കിലും നമ്മിലെ അത്യാഗ്രഹങ്ങളെ ഒഴിവാക്കുവാനും ആഗ്രഹങ്ങളെ വിശുദ്ധീകരിക്കുവാനും ഒരുങ്ങേണ്ടിയിരിക്കുന്നു. അതിനായുള്ള ഏറ്റവും ഉചിതവും ഉന്നതവുമായ കാലം നോമ്പിന്റെ നല്ല നാളുകളാണ്.

"ഭോഷാ" എന്നുള്ള ആ വിളി ഇത്രമാത്രം മനസ്സിനെ ഉലച്ചുകളഞ്ഞതിന്റെ കാരണം ആ സ്വരം ക്രിസ്തുവിന്റേതായിരുന്നു എന്നുള്ളതുകൊണ്ടാണ. അതിനുതക്ക യാതൊരു തെറ്റും ഇയാൾ ഇവിടെ ചെയ്തതായി പയേുന്നില്ലല്ലോ എന്നൊരു പഴയ വിചാരം ഉള്ളിൽ ഉണ്ടായിരുന്നു. കുറച്ചു കാലം വരെ.... തിന്മയൊന്നും എന്റെ ദൈവമേ.... ഞാൻ ചെയ്യുന്നില്ലല്ലോ എന്ന് പിറുപിറുത്ത് കുമ്പസാരത്തെപ്പോലുമ പലപ്പോഴും പരാജയപ്പെടുത്തുന്ന ഞാനും തിരിച്ചറിയേണ്ടിയിരിക്കുന്നു, അതിലും വലിയ അപകട നടുവിലാണ് നാമെന്ന്...! തിന്മ ചെയ്യുന്നതിനേക്കാൾ കുറേകൂടി കഠിനമായ അപരാധം നന്മയൊന്നും എന്നിൽനിന്ന് പുറപ്പെടുന്നില്ല എന്നതാണ്...! തിന്മകളുടെ ദീർഘമായ കുറിപ്പുപുസ്തകത്തിലൂടെ ദൈവം ഒടുവിൽ കണ്ണോടിക്കും മുമ്പ് എന്റെ ജീവിതത്തിലെ നന്മകളുടെ പട്ടിക 'അവൻ' നിരന്നി നോക്കും.....! ഞാൻ ചെയ്തുപോയ അകൃത്യങ്ങളുടെ കഠിനമായ കണക്കുകൾ തമ്പുരാൻ പരിശോധിക്കും മുമ്പ് ഞാൻ ചെയ്ത നന്മകളേയാവും നോക്കി തുടങ്ങുക. ചെയ്ത നന്മകളെ കണക്കിടുന്നതിനോടൊപ്പം എനിക്ക് ചെയ്യാമായിരുന്ന എന്നാൽ എന്റെ മാത്രം അവഗണനയാൽ ചെയ്യാതെപോയ നന്മകളെയും തമ്പുരാൻ കൃത്യമായി കണക്കിടും തീർച്ച....! അപ്പോഴാണ് ഭോഷനായ മനുഷ്യാ എന്നൊരു വിളി മുഴക്കത്തോടെ ഞാൻ മുഴുവനായും കേൾക്കുക. പ്രായോഗികബുദ്ധിയുടെ ഉപയോഗത്തിലും വിതരണത്തിലും കേമനായ ഞാനൊരു ഭോഷനായി തകരുന്ന ഈ തിരകഥ എഴുതിയത് ഞാൻ തന്നെയാണ് എന്നതാണ് ഏറ്റവും ലജ്ജിപ്പിക്കുന്ന സംഗതി.

സഹജീവികളെ ഗൗരമായി ജീവിതത്തിൽ ഏറ്റെടുക്കുവാൻ നമുക്ക് കഴിയണം. പട്ടിണിയിലും മാറാരോഗത്തിന്റെ തീരാവേദനയിലും അഴിക്കാനാകാത്ത ഒരായിരം കടക്കെണികളിലും അകപ്പെട്ട അനേകരെക്കുറിച്ച് വിചാരവും വ്യാകുലതകളും ഉള്ളിൽ കൊണ്ടുനടക്കുന്നുവെങ്കിൽ നമുക്ക് ഇവിടെ പിന്നെ ഇത്രമാത്രം ആഡംബരത്തോടെ അഹങ്കാരപൂർവ്വം ജീവിക്കുവാൻ സാധിക്കുമോ? സഹജീവികളോട് ഒട്ടുംതന്നെ സഹാനുഭാവം പുലർത്തുവാൻ കഴിയുന്നില്ലെങ്കിലും ഒരുവന് സ്വന്തം ആയുസ്സിന്റെ ക്ഷണികതയെ നന്നായിട്ടൊന്ന് ധ്യാനിച്ചാൽ തീരാവുന്ന രോഗം മാത്രമാണ് ഇന്നോരോരുത്തർക്കും ഉള്ളത്. എപ്പോൾ വേണമെങ്കിലും അണഞ്ഞു പോകാവുന്ന ഒരു കരുന്തിരിവിളക്കാണ് ഞാനെന്ന് ഒന്ന് തീർച്ചപ്പെട്ടുകിട്ടുക എന്നതാണ് ഏറെ പ്രധാനം.ജീവന്റേയും ജീവിതത്തിന്റേയും നശ്വരതയെ ധ്യാനിപ്പാൻ ദൈവസന്നിധിയിൽ ഈ നോമ്പിന്റെ ബാക്കിനാളുകളെ ചിലവിടുവാൻ പരിശ്രമിക്കണം. നിർണ്ണായകമായ വേളകളിൽ എന്റെ സമ്പത്ത് എന്നെ ഒട്ടും സഹായിക്കില്ലെന്ന് തിരിച്ചറിയേണ്ടതാണ്. ക്രിസ്തു പറഞ്ഞ മനോഹരമായ ഈ കഥയിലെ നായകൻ എന്തായാലും ഇത് ഒടുവിൽ മനസ്സിലാക്കിയിട്ടുണ്ട്. എന്റെ ധാന്യവും സംഭരണശാലകളിലെ മറ്റു വിഭവങ്ങളും

അവ തരുന്ന സകല വീര്യങ്ങളും എന്നെ ഇപ്പോൾ ഒട്ടും സഹായിക്കുന്നില്ല എന്ന്....! ഈ ഭൂമിയിലെ ചെറിയ ജീവിതകാലത്ത് സാധിക്കാമായിരുന്ന, സമ്പാദിക്കാമായിരുന്ന കുറെ നന്മകളുണ്ടായിരുന്നു. അവ ഉണ്ടായിരുന്നെങ്കിൽ എനിക്ക് ഇപ്പോൾ തുണയായേനെ....ഇല്ല....എന്റെ അക്കൗണ്ടിൽ അത്തരമൊരു വിഭാഗവും അതിലൊരു മിച്ച വുമില്ലല്ലോ.... അതുകൊണ്ടാണ് ആയുസ്സ് തിരികെ എടുത്താൽ ഇവിടെ ഇങ്ങനെ ഒരുക്കിവച്ചിരിക്കുന്നത് ആരുടേതാകും എന്നൊരു ചോദ്യം മുകളിൽനിന്ന് കേട്ടുതുടങ്ങിയത്. എനിക്ക് ഈ ഭൂമിയലെ ഇത്രയും കാലത്തെ ജീവിതം കൊണ്ട് എത്ര പേരുടെ ഹൃദയത്തിൽ അല്പമായെങ്കിലും ആത്മാർത്ഥതയോടെ ഒരിടം കിട്ടിയിട്ടുണ്ട് എന്നൊരു വിചാരവും അന്വേഷണവും ഇതിനോട് ചേർന്ന് ഇന്ന് നാം ആരംഭിക്കണം. ഈ കഥയിലെ ധനികന് പിന്നീട് ആ രാത്രി തീരുംമുമ്പ് എന്താവും സംഭവിച്ചി രിക്കുക? എന്നേ ഒത്തിരി അലട്ടിയ ഒരു വേദഭാഗവും വിചാരവുമാണ് ഇത്. അയാൾ മരിച്ചോ, ഇല്ലയോ എന്നൊന്നും വ്യക്തമായി പറയാതെ ക്രിസ്തു എന്തിനാണ് ഈ കഥയെ അവസാനിപ്പിച്ചത്? കഥയുടെ ആരംഭ രംഗങ്ങളിൽ ഇയാൾ ധനികനായിരുന്നെങ്കിൽ ഒടുക്കമാകുമ്പോൾ ഭോഷനായി പരിണമിച്ചത് എങ്ങനെയെന്ന് നല്ലവണ്ണം നാം മനസ്സിലാക്കി. ഇത്തരമൊരു കഥ, തന്നെ കേൾക്കുന്നവരോട് പറയാൻ ക്രിസ് തുവിനെ പ്രേരിപ്പിച്ച മനുഷ്യനും ഒടുവിൽ എവിടെപ്പോയെന്ന് ആർക്കുമറിയില്ല...! ക്രിസ്തു പറഞ്ഞ ഈ കഥ മുഴുവൻ കേട്ടിട്ടാകുമോ അയാൾ അവിടെനിന്ന് മടങ്ങിപ്പോയത്...? അതൊരുപക്ഷേ മറ്റൊരു ന്യായാധിപനെ തന്റെ സഹോദരനെതിരായി കണ്ടെത്തുവാനുള്ള സമർത്ഥമായ അന്വേഷണത്തിനായിരിക്കുമോ? ന്യായമായിട്ടുള്ളതും ചിലപ്പോൾ നാം വിട്ടുകൊടുക്കേണ്ടിവരുമെന്ന ക്രിസ്തുപാഠം എത്രപേർക്ക് ഉൾക്കൊള്ളാൻ കഴിയുന്നുണ്ട്?

അങ്ങനെ സ്വയം തോറ്റുകൊടുക്കുന്ന കളികളിലൂടെയും കാലത്തിലൂടെയും കടന്നുപോകുവാൻ വിധിക്കപ്പെട്ടവരിലൂടെ ക്രിസ്തുവാണ് വീണ്ടും വീണ്ടും ജയിക്കുകയും ജീവിക്കുകയും ചെയ്യുന്നത്. കഥയിലെ ഭോഷനായ ധനികന് ഒടുവിൽ ഒരവസരം കിട്ടി എന്ന് തോന്നുന്നില്ല.ഇയാളുടെ മരണവാർത്ത പിറ്റേന്ന് പുലർച്ചേ ആരിലും ഒരൽപം പോലും ദുഖമുളവാക്കാതെയാണ് കടന്ന് പോയതെന്ന് അമിതസ്വാതന്ത്ര്യമെടുത്ത് ഞാനങ്ങ് സങ്കൽ പിക്കുകയാണ്. പക്ഷേ, അപ്പനേക്കാളും തന്റെ സഹോദരങ്ങളേക്കാളും സ്വത്തിനെ സ്നേഹിച്ച, ഈ കഥയ്ക്ക് വെളിയിലുള്ള നായകന് അല്പമെങ്കിലും ഒരു മാറ്റം വന്നതായി ഞാൻ വിശ്വസിച്ചോട്ടെ....തനിക്ക് അർഹമായതുകൂടി വിട്ടുകൊടുക്കുവാൻ ആഴമേറിയ സ്നേഹം കൊണ്ട് ക്രിസ് തു വല്ലാതെ എന്നെ നിർബന്ധിക്കുന്നു എന്ന തിരിച്ചറിവിൽ അയാൾ അപ്പന്റെ സ്വത്തുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങളിൽ നിന്നും വാദങ്ങളിൽ നിന്നും സ്വയമേ പിൻവാങ്ങിയിട്ടുണ്ടാകും, തീർച്ച....! അത് പരിഭവത്തോടും സങ്കടത്തോടുമല്ല മറിച്ച് പരിപൂർണ്ണ സ്നേഹത്താലും സഹാനുഭൂതിയാലും തന്നെ.

ഒരുപക്ഷേ,അതിലുള്ള ഒടുവിലത്തെ ഊഴമാകാം എല്ലാ നോമ്പുകളും എന്ന് സ്നേഹപൂർവ്വം നിന്നെ ഓർമ്മപ്പെടുത്തികൊണ്ട്......

ഭയത്തോടെ..................

സ്നേഹാദരവോടെ.......
ഫാദർ ജിബി മാത്യു വാഴൂർ.

# Announcements

| | | |
|---|---|---|
| October 4 വെള്ളി | – | പരിശുദ്ധ എൽദോ മോർ ബസേലിയോസ് ബാവായുടെ ഓർമ്മപ്പെരുന്നാൾ |
| | – | Adults Competition |
| October 25 വെള്ളി | – | Church Picnic |

## New Born

Baby girl to Shaji George and Seema.

Twin Baby girls to Benny P. Mathew and Molly.


Baby boy to Chacko John and Jeemol

Baby boy to solan Thomas and Deepthi

## അനുശോചനം

നമ്മുടെ ഇടവകാംഗങ്ങളായ ശ്രീ. C. T. Varghese-ന്റെ ഭാര്യാമാതാവും, ശ്രീ. Biju Mathews-ന്റെ മാതാവും, ശ്രീ. Ealias Thomas-ന്റെ മാതാവും കർത്താവിൽ നിദ്ര പ്രാപിച്ച വിവരം വ്യസനസമേതമറിയിച്ചു കൊള്ളുന്നു. സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തന്നതോടൊപ്പം, പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# Are You Bible Literate?
# Bible Crossword #7 September 2013



Leela Alexander

**ACROSS**

**4** Who had King Zedekjah of Judah blinded?
**5** Who healed paralytic Aeneas?
**6** Which father of 12 sons was blind in his old age?
**9** Which priest 98 years old was blind?
**10** Which apostle healed the man in Lystra who had ben crippled since birth?
**12** Which blind man of Jericho did Jesus heal?
**13** Which judge was blinded by the Philistines?
**14** Which grandson of Saul was crippled in both feet?

**DOWN**

**1** Who became so blind he could not tell his sons apart?
**2** What did Jesus put in the eyes of the blind man at the pool of Siloam?
**3** Which book says that blind animals must not be sacrificed to God?
**6** Which righteous man claimed that he acted as eyes to the blind?
**7** Where was Jesus when a handicapped man's friends lowered him through the roof?
**8** Which sorcerer, an opponent of Paul was struck blind?
**11** Which blind prophet received the wife of King Jeroboam?

This is the seventh in the series of Bible crossword puzzles for 2013. All the clues are about handicapped people mentioned in the Bible. Solve the crossword. A few references are given. Use them if necessary. Please submit your answers in the box kept next to the door of the church within 10 days after the release of the newsletter.

This contest is open to all Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is
**ocalex@batelco.com.bh**
**ocalexleela@gmail.com**

**Useful References: Mark 2, 2Samuel 4, Acts 9, Acts 14, Mark 10, Genesis 27, 1Samuel 4, Acts 13, Judges 16, Jeremiah 39, Genesis 48, John 9, 1King 14, Leviticus 22, Job 29.**

# Solution to June 2013 Bible Crossword

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | M | | | | | | | | J | | |
| E | L | I | S | H | A | | J | A | C | O | B | |
| | | C | | | | | O | | | B | | |
| H | | H | | | M | O | S | E | S | | | |
| E | S | A | U | | | | E | | | | | |
| Z | | L | | | J | | P | | | | | |
| E | | | | Z | O | P | H | A | R | | | |
| K | | | | | N | | | | A | | | |
| I | | | | S | A | U | L | | C | | | S |
| A | | | | | T | | | | H | | | A |
| H | A | N | N | A | H | | | P | E | T | E | R |
| | | | | | A | | | | L | | | A |
| | | | | | N | | | | | | | H |

## *Winners of Bible Crossword June 2013*

1. Acsah Elizabeth Abraham
2. Aibel Rejan Varghese
3. Akhil Basil Paulose
4. Akhil C. Sunil
5. Aleena Ealias
6. Amal C. Sunil
7. Anjana Mariam Roy
8. Ann Jeepa Shaj
9. Ashley Shaju
10. Athira Sabu
11. Chithira Sabu
12. Christin Paul
13. Christina Ealias
14. Christy Mary Thomas
15. Elaine Agith
16. Flemy P. Eby
17. Jeeba C. Biju
18. Jibu Joseph Biju
19. Johann Agith
20. Kamal Baby Paul
21. Mahal Mani Ulahannan
22. Manuvel Benny
23. Milan Mani Mathew
24. Roshan Thomas Roy
25. Sarah Laji
26. Sebine Scaria
27. Serene Scaria
28. Sharon Paul
29. Sofia C. Paul
30. Thomas Sabu



*Congratulations......*

Leela Alexander

## ക്വിസ്സ് നമ്പർ – 6
## പുറപ്പാട് (15–27)

1. നല്ല മനസ്സോടെ തരുന്ന ഏവനോടും നിങ്ങൾ എനിക്കുവേണ്ടി എന്തു വാങ്ങണം എന്നാണ് യഹോവയായ ദൈവം അരുളിചെയ്തത്?

2. ഞാൻ എന്റെ യജമാനനേയും എന്റെ ഭാര്യയേയും മക്കളേയും സ്നേഹിക്കുന്നു. ഞാൻ സ്വതന്ത്രനായി പോകുകയില്ല എന്നു തീർത്തു പറഞ്ഞാൽ യജമാനൻ അവനെ ദൈവസന്നിധിയിൽ കൂട്ടികൊണ്ടുചെന്ന് എന്തു ചെയ്യണം എന്നാണ് പറയുന്നത്?

3. പന്ത്രണ്ട് നീരുറവയും എഴുപത് ഈത്തപ്പനയും ഉണ്ടായിരുന്ന സ്ഥലം ഏത്?

4. മോശയുടെ അമ്മായിയപ്പനായ യിത്രോ ഏതു സ്ഥലത്തെ പുരോഹിതനാണ്?

5. വിശുദ്ധസ്ഥലവും അധിവിശുദ്ധ സ്ഥലവും തമ്മിൽ വേർ തിരിക്കുന്നതെന്ത്?

6. കാട്ടുമൃഗം കടിച്ചു കീറിയ മാംസം നിങ്ങൾ തിന്നരുത്.പിന്നെ അത് എന്ത് ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്?

7. ഏലീവിനും സീനായിക്കും മദ്ധ്യേയുള്ള മരുഭൂമി ഏത്?

8. തന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം എത്ര തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കും എന്നാണ് ദൈവം അരുളിചെയ്തത്?

9. വിളക്ക് നിരന്തരം കത്തികൊണ്ടിരിക്കുവാൻ യിസ്രായേൽമക്കൾ ഉപയോഗിക്കേണ്ടുന്ന എണ്ണ ഏത്?

10. സംവത്സരത്തിൽ മൂന്നു പ്രാവശ്യം ദൈവമായ യഹോവയ്ക്ക് ഉത്സവം (പെരുന്നാൾ) ആചരിക്കണം, ഏതെല്ലാം?

11. നീ ആളുകളെ തിരഞ്ഞെടുത്തു പറപ്പെട്ട് അമാലേക്കിനോടു യുദ്ധം ചെയ്യുക. ആര് ആരോട് പറഞ്ഞു?

12. മോശയും അഹറോനും നാദാബും അബിഹൂവും യിസ്രായേൽ മൂപ്പന്മാരിൽ എഴുപത് പേരും യിസ്രായേലിന്റെ ദൈവത്തെ കണ്ടപ്പോൾ അവന്റെ പാദങ്ങലക്കുകീഴെ എങ്ങനെയായിരുന്നു?

13. യഹോവ എങ്ങനെയാണ് സീനായ് പർവ്വതത്തിൽ ഇറങ്ങിയത്?

14. ഹിവ്യനേയും കനാന്യനെയും ഹിത്യനെയും ഓടിച്ചു കളവാൻ ദൈവം അയ്ക്കുന്നതെന്തിനെയാണ്?

15. മന്നായുടെ മൂന്നു വിശേഷണങ്ങൾ എന്തെല്ലാം?

# ക്വിസ്സ് നമ്പർ-5 (പുറപ്പാട് 1-14)

1. "കർത്താവേ നിനക്കു ബോധിച്ച മറ്റാരെയെങ്കിലും അയയ്ക്കേണമെ 4:12,13
2. ഫറവോൻ 1:22
3. യോസേഫ് 13:19
4. നിലത്തിലെ പൊടിയെ 8:16
5. ഫറവോൻ മോശയോട് 10:28
6. ഗേർശോം 2:22
7. ഊഴിയ വിചാരകന്മാരോടും പ്രമാണികളോടും 5:6
8. കയ്പ്പു ചീരയോടു കൂടെ 12:8
9. ദൈവത്തിൻെറ വടി 4:20
10. വെള്ളം 14:20
11. ഗോശെൻ ദേശം 8:22
12. അവനുള്ള ആണൊക്കെയും പരിച്ഛേദന ഏല്ക്കണം 12:48
13. ഭയപ്പെടേണ്ട ഉറച്ചു നിൽക്കുവിൻ യഹോവ ഇന്നു നിങ്ങൾക്കു ചെയ്യുവാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ 14:13,14
14. ഭൃത്യന്മാർ ഫറവോനോട് 10:7
15. രണ്ട് 3:4

## *Winners of Quiz No. 5*

Aleyamma Thomas
Bisy Eby
Christy Mariam Reji
Elaine Agith
Elsy Abraham
Giley Biju
Jessy Biju
Joji Susan Mani
Lali Chandy Joshua
Lissy Paulose
Mercy Abraham

Moly Baby
Sezil Baby
Shaiby Baby
Sheeba Roy
Shelby Jacob
Shiny Binu
Zibi Benny



*Congrats.................*

Usha Achenkunju

# Events











